**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** | **12-02-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നയപരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പാഠപുസ്തകങ്ങൾ പരിഷ്കരിച്ചും മൂല്യനിർണ്ണയ രീതികൾ പരിഷ്കരിച്ചും സമഗ്രമായ അധ്യാപക പരിശീലന പരിപാടികൾ നടപ്പാക്കിയുമാണ് പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിലയിരുത്തലിന്റെ ഭാഗമായി, ഓരോ ക്ലാസിലും ഓരോ കുട്ടിയും നേടിയിട്ടുള്ള പഠന ലക്ഷ്യങ്ങൾ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും മുൻപിൽ അവതരിപ്പിക്കുന്ന രീതിയിൽ പഠനോത്സവങ്ങൾ ജനകീയമായി സ്കൂളുകളിൽ സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന പഠനോത്സവങ്ങളിൽ ജനപ്രതിനിധികളും സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും പൂർവ്വവിദ്യാർത്ഥികളും, അഭ്യുദയകാംക്ഷികളും, രക്ഷിതാക്കളും, അധ്യാപകരും പൊതുജനങ്ങളും പങ്കെടുക്കും. സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ, നടപ്പിലാക്കുന്ന വിവിധ പരിപാടികളുടെ പുരോഗതിയും ഫലപ്രാപ്തിയും വിലയിരുത്തുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം, 2023-24 വർഷം നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടന്നുവരികയാണ്. "കില" യുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിലാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. 2025 മാർച്ച് 31 നകം 20% സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് പൂർത്തിയാകും. അടുത്ത 5 വർഷം കൊണ്ട് കിലയുടെ നേതൃത്വത്തിൽ എല്ലാ സ്ഥാപനങ്ങളിലും സോഷ്യൽ ഓഡിറ്റ് പൂർത്തിയാകും. |
| (ബി) | ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് കേന്ദ്ര സർക്കാർ സ്കൂളുകളിൽ അഞ്ച്, എട്ട് ക്ലാസ്സുകളിൽ എല്ലാ കുട്ടികളെയും ജയിപ്പിക്കുന്ന നയം ഉപേക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ദേശീയവിദ്യാഭ്യാസനയം അനുസരിച്ചല്ല കേന്ദ്രസർക്കാർ 5, 8 ക്ലാസ്സിലെ മിനിമം മാർക്ക് ലഭിക്കാത്ത കുട്ടികളെ തോൽപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത്. ആർ ടി ഇ ആക്ട് നിയമം ഭേദഗതി ചെയ്തു കൊണ്ടാണ് കേന്ദ്രസർക്കാർ ഇത്തരത്തിൽ ഒരു നീക്കം നടത്തുന്നത് . 2024 ഡിസംബർ 16-ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനത്തിലാണ് Right to Education (RTE) Act, 2009ൽ ഈ ഭാഗിക ഭേദഗതി വരുത്തിയിരിക്കുന്നത്. ഈ ഭേദഗതി പ്രകാരം പ്രധാനമായ മാറ്റം വരുത്തിയത് 5-ാം ക്ലാസ്, 8-ാം ക്ലാസ് വിദ്യാർത്ഥികളുടെ പരീക്ഷാരീതിയിലും ക്ലാസ് കയറ്റം (Promotion) സംബന്ധിച്ച നയങ്ങളിലുമാണ്. ഓരോ അക്കാദമിക് വർഷത്തിന്റെ അവസാനം 5-ാം ക്ലാസിലും 8-ാം ക്ലാസിലും പൊതു പരീക്ഷ നടത്തും. ഈ ഭേദഗതിയിലൂടെ 5-ാം ക്ലാസിലും 8-ാം ക്ലാസിലും പരീക്ഷ നടത്തുകയും പരാജയപ്പെട്ട കുട്ടികൾക്ക് വീണ്ടും പരീക്ഷ എഴുതാൻ അവസരം ഒരുക്കുകയും ചെയ്യും. പ്രൊമോഷന് വേണ്ട കുറഞ്ഞ യോഗ്യതാമാനദണ്ഡങ്ങൾ (Promotion Criteria) പാലിക്കാൻ കഴിയാതെ വരുമ്പോൾ, വിദ്യാർഥിക്ക് അധിക പഠനത്തിനും വീണ്ടും പരീക്ഷ എഴുതാനുമുള്ള (രണ്ട് മാസത്തിനുള്ളിൽ) അവസരവും നൽകുമെന്നാണ് നിയമം പറയുന്നത്. പുനർപരീക്ഷയിൽ വീണ്ടും പരാജയം സംഭവിച്ചാൽ വീണ്ടും അതേ ക്ലാസിൽ കുട്ടി പഠനം തുടരണം. ക്ലാസുകളിൽ കുട്ടികൾക്ക് അനുഭവപ്പെടുന്ന പഠനപിന്നാക്കാവസ്ഥയെ അവരെ നിരന്തരം പിന്തുണച്ചുകൊണ്ട് മറികടക്കുവാനാണ് കേരളം തീരുമാനിച്ചിട്ടുള്ളത്. ഇതിനായി പഠന പിന്തുണ പരിപാടി കേരളത്തിൽ സർക്കാർ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പതിനാറോളം സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുള്ള പ്രസ്തുത നയം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന് ബദലായി കുട്ടികളുടെ പഠന നിലവാരം ഉയർത്താനായി നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ? | (സി) | കേന്ദ്രസർക്കാർ നിർദ്ദേശം അതേപടി നടപ്പിലാക്കുക കേരളത്തിൽ പ്രായോഗികമല്ല. അതുകൊണ്ടുതന്നെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് തനതായ ഇടപെടൽ നടത്തുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി വിദ്യാഭ്യാസ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ അധ്യയന വർഷം ഒന്നു മുതൽ ഒൻപത് വരെയുള്ള ക്ലാസുകളിൽ "പഠന പിന്തുണ പരിപാടി" നടപ്പിലാക്കി വരുന്നു. അർദ്ധ |

| | | | |
|---|---|---|---|
| | | | വാർഷിക മൂല്യനിർണയത്തിൽ കുട്ടികൾക്ക് ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പഠന പിന്തുണ ആവശ്യമുള്ളവരെ ക്ലാസ് ടീച്ചർമാർ കണ്ടെത്തുന്നു. ഇവ വിശകലനം ചെയ്ത് പഠനനില മനസ്സിലാക്കി, പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്കൂൾ തലത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ജനുവരി ആദ്യവാരത്തിൽ പുനരനുഭവ പ്രവർത്തനങ്ങൾ നൽകി, കുട്ടികൾക്ക് പ്രയാസം നേരിടുന്ന പഠന മേഖലകൾ കണ്ടെത്തി ക്ലാസ്സുകൾ നടത്തി. പഠനപിന്തുണാപ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കാൻ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സ്കൂൾ പരിശോധനകൾ നടത്തി. എല്ലാ കുട്ടികളും പഠന നിലവാരം നേടിയെന്ന് ഉറപ്പുവരുത്താൻ പ്രഥമാധ്യാപകർക്ക് നിർദ്ദേശം നൽകി. കുട്ടികളുടെ പഠന പുരോഗതി രക്ഷിതാക്കളുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും കുട്ടികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായം വിശകലനം ചെയ്ത് പഠന പിന്തുണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സ്കൂൾതല യോഗങ്ങളിൽ അവതരിപ്പിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.<br><br>ദേശീയ വിദ്യാഭ്യാസനയം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്നതിനുള്ള തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. കൂടിയാലോചനകൾക്കും വിശദമായ ചർച്ചകൾക്കും ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ സാധിക്കൂ. അതോടൊപ്പം തന്നെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള ഒരു സമഗ്ര ഗുണമേന്മാ പദ്ധതി സർക്കാർ ആവിഷ്കരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ